നമ്പർ: സി.ജി(3)23181/10 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി. 01/03/2011.

Email : keralarcs@coop.kerala.gov.in
**Website : www.cooperation.kerala.gov.in**
**Tel No. 0471 2330726**

## സർക്കുലർ നമ്പർ 22/2011.

വിഷയം :- സഹകരണ വകുപ്പ് – പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ(സർവ്വീസ് സഹകരണ ബാങ്കുകൾ)/അർബൻ സഹകരണ ബാങ്ക്/ എംപ്ലോയീസ് സഹകരണ സംഘങ്ങൾ/ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് എന്നിവയിലെ പ്രസിഡന്റ്മാർക്ക് മൊബൈൽ ഫോൺ ചാർജ് അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. സർക്കാരിന്റെ 28/2/11-ലെ 12803/സി1/2010/സഹ നമ്പർ കത്ത്
2. രജിസ്ട്രാറുടെ 35/2003, 36/2005 എന്നീ നമ്പർ സർക്കുലറുകൾ

അപ്പക്സ് സഹകരണ സ്ഥാപനങ്ങളുടെ പ്രസിഡന്റുമാരുടെയും/മാനേജിംഗ് ഡയറക്ടർമാരുടെയും മൊബൈൽ ഫോണിനുള്ള പ്രതിമാസ പരിധി 1,500/- രൂപയായും, പ്രതിവർഷ ചെലവ് 18,000/- രൂപയായും, ജില്ലാ സഹകരണ ബാങ്കുകളുടെ പ്രസിഡന്റ്മാരുടെ മൊബൈൽ ഫോണുകൾക്കുള്ള പ്രതിമാസ ചെലവ് 1,000/- രൂപയായും, പ്രതിവർഷ ചിലവ് 12,000/- രൂപയായും നിജപ്പെടുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന 2 പ്രകാരം പുറപ്പെടുവിച്ചിരുന്നു. സൂചന (1) പ്രകാരം പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘങ്ങളുടേയും (PACS) അർബൻ സഹകരണ ബാങ്കുകളുടെയും എംപ്ലോയീസ് സഹകരണ സംഘങ്ങൾ എന്നിവയിലേയും പ്രസിഡന്റുമാർക്ക് ഔദ്യോഗിക ആവശ്യങ്ങൾക്ക് മൊബൈൽ ഫോൺ ചാർജ് ചുവടെ പരാമർശിക്കുന്ന പരിധിക്കും, നിബന്ധനകൾക്കും വിധേയമായി സംഘം ചെലവിൽ വഹിക്കുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സ്പെഷ്യൽ ഗ്രേഡ്, ക്ലാസ് I, II, III, IV വിഭാഗങ്ങളിൽപ്പെടുന്ന പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘങ്ങളുടെയും (സർവ്വീസ് സഹകരണ ബാങ്ക്), ടി ക്ലാസിഫിക്കേഷനിലുള്ള റിസർവ്വ് ബാങ്ക് ലൈസൻസുള്ള അർബൻ സഹകരണ ബാങ്കുകളുടെയും പ്രസിഡന്റു മാർക്ക് പ്രതിമാസം മൊബൈൽ ഫോണുകളുടെ ചാർജിനത്തിൽ ബില്ല് പ്രകാരം, പരമാവധി 500/- രൂപ സംഘം ചെലവിൽ അനുവദിക്കാവുന്ന താണ്. യാതൊരു കാരണവശാലും പ്രതിവർഷ ചെലവ് 6,000/- രൂപയിൽ അധികരിക്കുവാൻ പാടുള്ളതല്ല.

2. ക്ലാസ്സ് V,VI വിഭാഗത്തിൽപ്പെട്ട പ്രാഥമിക സഹകരണ കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെയും (സർവ്വീസ് സഹകരണ ബാങ്കുകൾ) സ്പെഷ്യൽ ഗ്രേഡ് മുതൽ ക്ലാസ് VI വരെ തരംതിരിച്ചിട്ടുള്ള എംപ്ലോ യീസ് സഹകരണ സംഘങ്ങളുടെയും പ്രസിഡന്റുമാർക്ക് പ്രതിമാസം മൊബൈൽ ചാർജ് ഇനത്തിൽ ബില്ല് പ്രകാരം പരമാവധി 300/- രൂപ സംഘം ചെലവിൽ അനുവദിക്കാവുന്നതാണ്. യാതൊരു കാരണവ ശാലും പ്രതിവർഷ ചെലവ് 3,600/- രൂപയിൽ അധികരിക്കുവാൻ പാടു ള്ളതല്ല.

3. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ പ്രസി ഡന്റുമാർക്ക് പ്രതിമാസം മൊബൈൽ ഫോണുകളുടെ ബില്ല് പ്രകാരം ചാർജിനത്തിൽ പരമാവധി 500/- രൂപ ബാങ്കിന് അനുവദിക്കാവുന്നതാണ്. പ്രതിവർഷം പരമാവധി ചിലവ് ഈയിനത്തിൽ 6,000/- രൂപയിൽ അധിക രിക്കാൻ പാടുള്ളതല്ല.

4. മേൽ നിർദ്ദേശ പ്രകാരം അനുവദിക്കുന്ന തുക പ്രതിമാസ മൊബൈൽ ചാർജിന് മാത്രം ഉപയോഗിക്കേണ്ടതും യാതൊരു കാരണവശാലും മൊബൈൽ ഫോൺ വാങ്ങുന്നതിന് സംഘം ഫണ്ട് ഉപയോഗിക്കാൻ പാടുള്ളതുമല്ല.

5. ഓരോ മാസത്തെയും ചെലവുകൾ പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും, മൊബൈൽ ഫോൺ ചാർജിനത്തിൽ പ്രതിമാസം ഖണ്ഡിക 1, 3 പ്രകാരം 500/– രൂപ, ഖണ്ഡിക 2 പ്രകാരം 300/– രൂപ എന്ന തുകയിൽ അധികരിക്കുന്നപക്ഷം ആയത് സ്വന്തം ചെലവിൽ വഹിക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾ കർശനമായി പാലിക്കുന്നു എന്ന് വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

ഒപ്പ്
സഹകരണ സംഘം രജിസ്ട്രാർ